**ചരമോപചാരം**

മുൻ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് നെൽസൺ മണ്ടേല, മുൻ കേരള ഗവർണ്ണർ ഖുർഷിദ് ആലം ഖാൻ, കേരള നിയമസഭാംഗങ്ങളായിരുന്ന പ്രൊഫ. ഉമ്മൻ മാത്യു, വെളിയം ഭാർഗവൻ, എം.എ. തോമസ്, കാട്ടാക്കട ആർ. ബാലകൃഷ്ണപിള്ള, റേച്ചൽ സണ്ണി പനവേലിൽ, റോസമ്മ പുന്നൂസ്, വി. റ്റി. സെബാസ്റ്റ്യൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായി.

**നെൽസൺ മണ്ടേല**

ദക്ഷിണാഫ്രിക്കയിലെ വിമോചന സമരനേതാവും മുൻ പ്രസിഡന്റും നോബേൽ സമ്മാനജേതാവുമായ നെൽസൺ റോലിഹ്ലാഹ മണ്ടേല (Nelson Rolihlaha Mandela) 2013 ഡിസംബർ 5-ന് അന്തരിച്ചു.

ദക്ഷിണാഫ്രിക്കയിലെ കേപ് പ്രവിശ്യയിൽപ്പെട്ട മ്വേസോയിലെ കൂനുവിൽ 1918 ജൂലൈ 18 -ന് നെൽസൺ മണ്ടേല ജനിച്ചു. വിറ്റ്വാട്ടേഴ്സ്റാൻഡ് സർവകലാശാലയിൽ നിയമബിരുദപഠനകാലത്തുതന്നെ വർണ്ണവിവേചനത്തിനും അധിനിവേശത്തിനുമെതിരെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ്, പീപ്പിൾസ് കോൺഗ്രസ്സ് എന്നീ സംഘടനകളിലൂടെ സമരരംഗത്ത് സജീവമായി. 1961–ൽ എ.എൻ.സി.യുടെ സായുധ വിഭാഗത്തിന്റെ തലവനായി നിയമിതനായ മണ്ടേല ഒളിവിൽ കഴിഞ്ഞുകൊണ്ട് സർക്കാരിനും സൈന്യത്തിനുമെതിരെ ഗറില്ലാ യുദ്ധം നയിച്ചു. 1962–ൽ അറസ്റ്റ് ചെയ്യപ്പെട്ട മണ്ടേല പിന്നീടുള്ള ഇരുപത്തേഴു വർഷം റോബൻ ദ്വീപിൽ ക്രൂരമായ പീഡനങ്ങൾക്ക് വിധേയനായി ഏകാന്ത തടവറയിൽ കഴിഞ്ഞുകൊണ്ട് സഹനസമരത്തിന്റെ പുതിയ മാതൃക ലോകത്തിനു കാട്ടിക്കൊടുത്തു. മഹാത്മാ

ഗാന്ധിയുടെ ആശയങ്ങൾ സ്വാധീനിച്ചിരുന്ന അദ്ദേഹം അഹിംസാ മാർഗ്ഗത്തിലൂടെയുള്ള സമരത്തിന് നേതൃത്വം നൽകി. 1990 ഫെബ്രുവരിയിൽ ജയിൽ മോചിതനായശേഷം 1991–ൽ എ.എൻ.സി.യുടെ നേതൃസ്ഥാന ത്തേയ്ക്ക് മടങ്ങിയെത്തിയ അദ്ദേഹം 1994–ൽ ദക്ഷിണാഫ്രിക്കയുടെ ആദ്യത്തെ കറുത്ത വർഗ്ഗക്കാരനായ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. അഞ്ചു വർഷത്തെ ഭരണത്തിനുശേഷം 1999–ൽ അദ്ദേഹം സ്ഥാന മൊഴിഞ്ഞു.

മാനവസമൂഹത്തിനു നൽകിയ സംഭാവനകൾ മാനിച്ച് 1993–ൽ സമാധാനത്തിനുള്ള നോബേൽസമ്മാനവും, ഭാരതരത്ന, പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം, ഓർഡർ ഓഫ് ലെനിൻ ഉൾപ്പെടെ ഇരുന്നൂറ്റി അൻപതോളം പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചു. 'ലോങ് വാക് ടു ഫ്രീഡം' എന്ന ആത്മകഥയും, 'കോൺവർസേഷൻ വിത്ത് മൈസെൽഫ്' എന്ന ഓർമ്മക്കുറിപ്പും, അദ്ദേഹത്തിന്റേതായിട്ടുണ്ട്.

"ആഫ്രിക്കൻ ഗാന്ധി" എന്നറിയപ്പെടുന്ന നെൽസൺ മണ്ടേലയുടെ നിര്യാണത്തോടെ വർണ്ണവിവേചനത്തിനും അധിനിവേശത്തിനുമെതിരെ തളരാതെ പൊരുതി ഒരു ജനതയ്ക്കാകെ ആത്മവിശ്വാസത്തിന്റേയും അറിവിന്റേയും പ്രകാശം പകർന്നു നൽകിയ, സമത്വത്തിനും സാഹോദര്യ ത്തിനും വേണ്ടി നിലകൊണ്ട, മഹാനായ മനുഷ്യസ്നേഹിയെയാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

<u>ഖുർഷിദ് ആലം ഖാൻ</u>

മുൻ കേരള ഗവർണ്ണറും മുൻ കേന്ദ്രമന്ത്രിയുമായ ഖുർഷിദ് ആലം ഖാൻ 2013 ജൂലൈ 20–ന് അന്തരിച്ചു. ഉത്തർപ്രദേശിലെ ഫാറൂഖാബാദ് ജില്ലയിൽ പിത്തോറയിൽ 1919 ഫെബ്രുവരി 5-ന് ഖുർഷിദ് ആലം ഖാൻ ജനിച്ചു. ആഗ്രാ, പെൻസിൽവാനിയ സർവകലാശാലകളിൽ നിന്നും പഠനം പൂർത്തിയാക്കിയ ശേഷം വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ച അദ്ദേഹം ദില്ലിയിലെ ജാമിയ മിലിയ ഇസ്ലാമിയ സർവകലാശാല സ്ഥാപിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചു. അതിന്റെ ചാൻസലറായും പ്രവർത്തിച്ചു.

1974 മുതൽ 84 വരെ ഉത്തർപ്രദേശിൽ നിന്നുള്ള രാജ്യസഭാംഗമായും 1984-ൽ ഫാറൂഖാബാദിൽ നിന്നും ലോക്സഭാംഗമായും ഖുർഷിദ് ആലം ഖാൻ തെരഞ്ഞെടുക്കപ്പെട്ടു. ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി മന്ത്രിസഭകളിൽ സഹമന്ത്രിയായിരുന്ന അദ്ദേഹം വിദ്യാഭ്യാസം, ടെക്സ്റ്റൈൽ, ടൂറിസം, ഗതാഗതം, വിദേശകാര്യം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചു. ഗോവ, കർണ്ണാടക സംസ്ഥാനങ്ങളിൽ ഗവർണ്ണറായി സേവനമനുഷ്ഠിച്ചിട്ടുള്ള ഖുർഷിദ് ആലം ഖാൻ 1995 മെയ് 5 മുതൽ 1996 ജനുവരി 25 വരെ കേരള ഗവർണ്ണറുടെ അധിക ചുമതല വഹിച്ചിരുന്നു. ഈ ചുരുങ്ങിയ കാലം കൊണ്ട് മുഴുവൻ കേരളീയരുടേയും സ്നേഹാദരവ് നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഖുർഷിദ് ആലം ഖാന്റെ നിര്യാണത്തോടെ മികച്ച ഒരു വിദ്യാഭ്യാസ വിചക്ഷണനേയും പാർലമെന്റേറിയനേയും കഴിവുറ്റ ഭരണാധികാരിയേയു മാണ് നഷ്ടമായിരിക്കുന്നത്.

<u>പ്രൊഫ. ഉമ്മൻ മാത്യു</u>

മുൻ കേരള നിയമസഭാംഗം പ്രൊഫ. ഉമ്മൻ മാത്യു 2013 ജൂലൈ 20 –ന് അന്തരിച്ചു. ആലപ്പുഴ ജില്ലയിൽ എടത്വാ തലവടി മാമ്മൂട്ടിൽ എം.സി. ഉമ്മന്റേയും അന്നമ്മ ഉമ്മന്റേയും മകനായി 1939 ഡിസംബർ 23–ന് ഉമ്മൻ മാത്യു ജനിച്ചു. കോളേജ് അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം കേരള കോൺഗ്രസ്സിലൂടെയാണ് പൊതുപ്രവർത്തനരംഗത്ത് എത്തിയത്.

കുട്ടനാട്ടിലെ കർഷകരെ സംഘടിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹം കേരള കോൺഗ്രസ്സിന്റെ ആദ്യകാല ജനറൽ സെക്രട്ടറിയായിരുന്നു. 1980–ൽ ആറാം കേരള നിയമസഭയിലേയ്ക്ക് കുട്ടനാട് നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. കെ.എസ്.ആർ.ടി.സി. അഡ്വൈസറി കമ്മിറ്റി അംഗം, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി അംഗം, ഫുഡ് അഡ്വൈസറി കമ്മിറ്റി അംഗം, തലവടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, ആലപ്പുഴ ജില്ലാ ഡെവലപ്മെന്റ് കമ്മിറ്റി അംഗം, ചമ്പക്കുളം ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാൻ, കേരള കോൺഗ്രസ്സ് (ജേക്കബ്) ആലപ്പുഴ ജില്ലാ കമ്മിറ്റി പ്രസിഡന്റ്, ഡെമോക്രാറ്റിക് ഇന്ദിരാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി, കേരള കർഷക യൂണിയൻ പ്രസിഡന്റ്, കേരള കോൺഗ്രസ്സ് (ജേക്കബ്) സംസ്ഥാന വർക്കിംഗ് ചെയർമാൻ, ഫാമിംഗ് കോർപ്പറേഷൻ ചെയർമാൻ എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. എടത്വാ സെന്റ് അലോഷ്യസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം പ്രൊഫസറായും സേവനമനുഷ്ഠിച്ചു. പ്രൊഫ. ഉമ്മൻ മാത്യുവിന്റെ നിര്യാണത്തോടെ ജനസമ്മതനായ ഒരു പൊതു പ്രവർത്തകനേയും മികച്ച അദ്ധ്യാപകനേയുമാണ് നഷ്ടമായിരിക്കുന്നത് .

<u>വെളിയം ഭാർഗ്ഗവൻ</u>

മുൻ കേരള നിയമസഭാംഗം വെളിയം ഭാർഗ്ഗവൻ 2013 സെപ്തംബർ 18–ന് അന്തരിച്ചു. കൊല്ലം ജില്ലയിൽ വെളിയം വിളയിൽക്കോണം കളിക്കൽ മേലത് കൃഷ്ണന്റേയും ഉണ്ണിയമ്മയുടേയും മകനായി 1928 ൽ വെളിയം ഭാർഗ്ഗവൻ ജനിച്ചു. വിദ്യാർത്ഥി പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് പ്രവേശിച്ച അദ്ദേഹം 1950-1952 കാലയളവിൽ എ.ഐ.എസ്.എഫ് സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. തുടർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ അംഗമായി.

1957-ൽ ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നും ഒന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1960-ൽ രണ്ടാം കേരള നിയമസഭയിലേയ്ക്ക് അതേ മണ്ഡലത്തിൽ നിന്നും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐ–യോടൊപ്പം നിന്ന വെളിയം ഭാർഗ്ഗവൻ സംഘടനാ പ്രവർത്തനത്തിൽ മുഴുകി. 1965-ൽ സി.പി.ഐ. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായ അദ്ദേഹം 1971ൽ സി.പി.ഐ ദേശീയ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. 1980-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപവത്കരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച വെളിയം ഭാർഗ്ഗവൻ 1983 മുതൽ 1998 വരെ പാർട്ടിയുടെ അസിസ്റ്റന്റ് സെക്രട്ടറിയായി, 1998-ൽ സി.പി.ഐ സംസ്ഥാന സെക്രട്ടറിയായ അദ്ദേഹം

2010 വരെ ആ സ്ഥാനത്ത് തുടർന്നു. സി.പി.ഐ ദേശീയ കൗൺസിൽ അംഗവുമായിരുന്നു.

മുന്നണി രാഷ്ട്രീയത്തിന്റേയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഐക്യത്തിന്റേയും ശക്തനായ വക്താവായിരുന്ന അദ്ദേഹം സൗമ്യവും കുലീനവുമായ പെരുമാറ്റത്തിലൂടെ രാഷ്ട്രീയത്തിന് അതീതമായ സൗഹൃദം നിലനിർത്തുവാൻ ശ്രദ്ധിച്ചിരുന്ന നേതാവായിരുന്നു. മികച്ച പ്രാസംഗികൻ, സംഘാടകൻ, സാമാജികൻ, തൊഴിലാളി നേതാവ് എന്നീ നിലകളിൽ പ്രാഗൽഭ്യം തെളിയിച്ച വെളിയം ഭാർഗ്ഗവന്റെ നിര്യാണത്തോടെ ലാളിത്യത്തിന്റേയും ആദർശ രാഷ്ട്രീയത്തിന്റേയും ഉജ്ജ്വല മാതൃകയായിരുന്ന ഒരു ജനകീയ നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**<u>എം.എ. തോമസ്</u>**

മുൻ കേരള നിയമസഭാംഗം എം.എ. തോമസ് 2013 ഒക്ടോബർ 15-ന് അന്തരിച്ചു. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുല്ലശ്ശേരി തോമസ് ആൻഡ്രൂസിന്റെ മകനായി 1942 ജനുവരി 4-ന് എം.എ. തോമസ് ജനിച്ചു. ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജിൽ കുറച്ചുകാലം അദ്ധ്യാപകനായിരുന്നു.

പശ്ചിമ കൊച്ചി വികസന സമിതി പ്രസിഡന്റ് എന്ന നിലയിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ച അദ്ദേഹം 1996-ൽ മട്ടാഞ്ചേരി മണ്ഡലത്തിൽ നിന്നും പത്താം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കൊച്ചി സർവകലാശാല സിൻഡിക്കേറ്റ് അംഗം, ഇൻഡ്യൻ വാണിജ്യ വ്യവസായ മണ്ഡലം സെക്രട്ടറി, വൈ.എം.സി.എ ഡയറക്ടർ

ബോർഡ് അംഗം, ഫോർട്ടുകൊച്ചി വൈ.എം.സി.എ പ്രസിഡന്റ്, വൈസ്മെൻ ക്ലബ്ബ് ഡിസ്ട്രിക്ട് ഗവർണ്ണർ, വൈസ്മെൻ ഇന്റർനാഷണൽ ഇന്ത്യ റീജണൽ ഡയറക്ടർ, മട്ടാഞ്ചരി ഡൽറ്റാ സ്റ്റഡി സ്ക്കൂൾ അഡ്മിനിസ്ട്രേറ്റർ, ഇന്ത്യൻ പെപ്പർ ആന്റ് സ്പൈസസ് ട്രേഡ് അസോസിയേഷൻ സെക്രട്ടറി തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എം.എ. തോമസിന്റെ നിര്യാണ ത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ഒരു പൊതു പ്രവർത്തക നേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത് .

<u>കാട്ടാക്കട ആർ. ബാലകൃഷ്ണപിള്ള</u>

മുൻ കേരള നിയമസഭാംഗം കാട്ടാക്കട ആർ. ബാലകൃഷ്ണപിള്ള 2013 നവംബർ 13-ന് അന്തരിച്ചു. തിരുവനന്തപുരം ജില്ലയിൽ ആര്യനാട് എം.രാമൻപിള്ളയുടേയും കാർത്ത്യായനി അമ്മയുടേയും മകനായി 1922 സെപ്തംബർ 12-ന് ആർ. ബാലകൃഷ്ണപിള്ള ജനിച്ചു. സ്ക്കൂൾ വിദ്യാഭ്യാസ ത്തിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായി പൊതുപ്രവർത്തന രംഗത്ത് സജീവമായി.

1954-56 കാലയളവിൽ കാട്ടാക്കട മണ്ഡലത്തിൽ നിന്നും തിരു-കൊച്ചി നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കേരള സംസ്ഥാന രൂപീകരണത്തിനുശേഷം 1957-ൽ ആര്യനാട് നിയോജക മണ്ഡലത്തിൽ നിന്നും ഒന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്ക പ്പെട്ടു. നിരവധി തൊഴിൽ സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം പിന്നീട് കോൺഗ്രസ്സ് പാർട്ടിയിൽ അംഗമായി. ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ്, തിരുവനന്തപുരം ഡി.സി.സി. അംഗം എന്നീ നിലകളിൽ

പ്രവർത്തിച്ചിട്ടുണ്ട്. കാട്ടാക്കട ആർ. ബാലകൃഷ്ണപിള്ളയുടെ നിര്യാണ ത്തോടെ മികച്ച ഒരു സംഘാടകനേയും തൊഴിലാളിനേതാവിനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

**<u>റേച്ചൽ സണ്ണി പനവേലിൽ</u>**

മുൻ കേരള നിയമസഭാംഗം റേച്ചൽ സണ്ണി പനവേലിൽ 2013 ഡിസംബർ 21–ന് അന്തരിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി കൈതവന എം.ജി. എബ്രഹാമിന്റേയും ശോശമ്മ എബ്രഹാമിന്റേയും മകളായി 1941 ആഗസ്റ്റ് 8–ന് റേച്ചൽ സണ്ണി പനവേലിൽ ജനിച്ചു. നിയമസഭാംഗമായിരുന്ന സണ്ണി പനവേലിയുടെ നിര്യാണത്തെ തുടർന്ന് 1986–ൽ നടന്ന ഉപതെരഞ്ഞെ ടുപ്പിൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും ഏഴാം കേരള നിയമസഭയി ലേയ്ക്ക് റേച്ചൽ സണ്ണി പനവേലിൽ തെരഞ്ഞെടുക്കപ്പെട്ടു. 1987–ൽ അവർ കോൺഗ്രസ്സിൽ അംഗമായി. മഹിളാ കോൺഗ്രസ്സ് പത്തനംതിട്ട ജില്ലാ പ്രസിഡന്റ്, കെ.പി.സി.സി. നിർവ്വാഹക സമിതി അംഗം, മാർത്തോമ്മാ സഭ പ്രതിനിധി മണ്ഡലാംഗം, സേവികാ സംഘം സെക്രട്ടറി, മാർത്തോമ്മാ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. റേച്ചൽ സണ്ണി പനവേലിൽ–ന്റെ നിര്യാണത്തോടെ മികച്ച ഒരു പൊതുപ്രവർത്തകയെയാണ് നഷ്ടമായിരിക്കുന്നത്.

**<u>റോസമ്മ പുന്നൂസ്</u>**

സ്വാതന്ത്ര്യസമരസേനാനിയും മുൻ കേരള നിയമസഭാംഗവുമായ റോസമ്മ പുന്നൂസ് 2013 ഡിസംബർ 28–ന് അന്തരിച്ചു. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി കരിപ്പാപറമ്പിൽ ചെറിയാന്റേയും അന്നമ്മയുടേയും മകളായി 1913 മേയ് 13–ന് റോസമ്മ പുന്നൂസ് ജനിച്ചു. നിയമബിരുദധാരിയായ റോസമ്മ പുന്നൂസ് 1939–ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിലൂടെ സജീവ രാഷ്ട്രീയത്തിലെത്തിച്ചേർന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് മൂന്ന് വർഷം ജയിൽവാസം അനുഷ്ഠിച്ചു. 1949–ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമായ റോസമ്മ പുന്നൂസ് 1964–ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനുശേഷം സി.പി.ഐ. യിൽ തുടർന്നു.

1957–ൽ ദേവികുളം ജനറൽ മണ്ഡലത്തിൽ നിന്നും ഒന്നാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട റോസമ്മ പുന്നൂസ് കേരള നിയമസഭയുടെ ആദ്യ പ്രോട്ടെം സ്പീക്കറായിരുന്നു. കോടതി വിധിയിലൂടെ നിയമസഭാംഗത്വം നഷ്ടപ്പെട്ട അവർ കേരളത്തിൽ നടന്ന ആദ്യ ഉപതെരഞ്ഞെടുപ്പിലൂടെ ദേവികുളം മണ്ഡലത്തിൽ നിന്നും 1958–ൽ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 1987–ൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലും അംഗമായി.

മൂന്ന് പതിറ്റാണ്ട് കാലം ഇടുക്കിയിലെ തോട്ടം തൊഴിലാളികളുടെ അവകാശ സമരങ്ങളുടെ മുൻനിരയിൽ പ്രവർത്തിച്ച റോസമ്മ പുന്നൂസ് സി.പി.ഐ സംസ്ഥാന കൗൺസിൽ അംഗം, സംസ്ഥാന വനിതാ കമ്മീഷൻ അംഗം, ഹൗസിംഗ് ബോർഡ് അംഗം, റബ്ബർ ബോർഡ് അംഗം, പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർപേഴ്സൺ, മഹിളാ സംഘം പ്രസിഡന്റ് എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. റോസമ്മ പുന്നൂസിന്റെ നിര്യാണത്തോടെ ഉജ്ജ്വലയായ ഒരു സ്വാതന്ത്ര്യസമരസേനാനിയേയും മികച്ച നിയമസഭാ സാമാജികയേയും

കഴിവുറ്റ സംഘാടകയേയും തൊഴിലാളി നേതാവിനേയുമാണ് നമുക്ക് നഷ്ട മായിരിക്കുന്നത്.

<u>വി.റ്റി. സെബാസ്റ്റ്യൻ</u>

മുൻ കേരള നിയമസഭാംഗം വി.റ്റി സബാസ്റ്റ്യൻ 2014 ജനുവരി 4 ന് അന്തരിച്ചു. ഇടുക്കി ജില്ലയിൽ കട്ടപ്പന വരിക്കാമക്കൽ തോമസിന്റെ മക നായി 1930 ജൂൺ 15–ന് വി.റ്റി സെബാസ്റ്റ്യൻ ജനിച്ചു. ഇടുക്കി ജില്ലയുടെ രൂപീകരണത്തിന് നിർണ്ണായക പങ്ക് വഹിച്ച അദ്ദേഹം 1970–ൽ ഉടുമ്പഞ്ചോല നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേയ്ക്കും 1977–ൽ ഇടുക്കി മണ്ഡലത്തിൽ നിന്നും അഞ്ചാം കേരള നിയമസഭയി ലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. ജില്ലയുടെ വികസനത്തിനായി നിരന്തരം പ്രയത്നിച്ച വി.റ്റി സെബാസ്റ്റ്യൻ കട്ടപ്പന പഞ്ചായത്ത് 1962–ൽ രൂപീകരിച്ചതു മുതൽ 1978–വരെ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കേരള കോൺഗ്രസ്സ് (എം) ചെയർമാൻ, സംസ്ഥാന ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ചെയർമാൻ, ഇടുക്കി ജില്ലാ കൗൺസിൽ അംഗം, ഇടുക്കി ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, മലനാട് മോട്ടോർ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, കേരള കാർഡമം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വി.റ്റി സെബാസ്റ്റ്യന്റെ നിര്യാണത്തോടെ കഴിവുറ്റ ഒരു സംഘാടകനേയും മികച്ച ഒരു സഹകാരിയേയുമാണ് നമുക്ക് നഷ്ടമായി രിക്കുന്നത്.

(അന്തരിച്ച മഹത്വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)